"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.സാം വി ജോൺ ഫയൽ ചെയ്ത ഒഎ 1030/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2742/2023/H&FWD തീയതി,തിരുവനന്തപുരം, 19-10-2023

പരാമർശം:-
1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3 ഡോ.സാം വി ജോൺ സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.സാം വി ജോൺ ഫയൽ ചെയ്ത ഒഎ 1030/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, ഇടുക്കി കൊടിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ. സാം വി ജോൺ- നെ മൊബൈൽ മെഡിക്കൽ ഡിസ്പെൻസറി മൂന്നാറിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.സാം വി ജോൺ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ 1030/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാനെ നേരിൽ കേൾക്കുന്നതിനും ടിയാന്റെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

( 2 ) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകനേയും എതിർ കക്ഷികളേയും നേരിൽ കേൾക്കുകയും അപേക്ഷകന്റെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോ.സാം വി ജോണിനെ നേരിൽ കേട്ടതിന്റെയും ടിയാന്റെ അപ്പീൽ അപേക്ഷ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ടിയാന്റെ ആവശ്യം അംഗീകരിച്ച് ടിയാനെ കൊടിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ തുടരുന്നതിനും, ഡോ.സരീഷ് ചന്ദ്രനെ കഞ്ഞിക്കുഴി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ തുടരുന്നതിനും അനുവദിച്ചുത്തരവാകുന്നതിന് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

(3) കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഡോ.സാം വി ജോണിനെ കൊടിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ തുടരുന്നതിനും, ഡോ.സരീഷ് ചന്ദ്രനെ കഞ്ഞിക്കുഴി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ തുടരുന്നതിനും അനുവദിച്ചുകൊണ്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം ( 4 ) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.സാം വി ജോൺ ,അസിസ്റ്റന്റ് സർജൻ പ്രാഥമികാരോഗ്യ കേന്ദ്രം ,
കൊടിക്കുളം ,ഇടുക്കി
ഡോ.സരീഷ് ചന്ദ്രൻ ,അസിസ്റ്റന്റ് സർജൻ, സാമൂഹികാരോഗ്യ കേന്ദ്രം ,
കഞ്ഞിക്കുഴി,ഇടുക്കി
ഡോ.അനുമോൾ .കെ.എ ,അസിസ്റ്റന്റ് സർജൻ പ്രാഥമികാരോഗ്യ കേന്ദ്രം ,
അറക്കുളം ,ഇടുക്കി
ഡോ.സുജ.ടി ,അസിസ്റ്റന്റ് സർജൻ, സാമൂഹികാരോഗ്യ കേന്ദ്രം ,
ചിത്തിര പുരം ,ഇടുക്കി
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 20-10-2023 16:20:00

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 21.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**